കാംപ്കോ

*514 [548] ശ്രീ. ബെന്നിബഹനാൻ:
,, എൻ. ശക്തൻ നാടാർ:
,, ജി. കാർത്തികേയൻ:
,, എം. എം: ഹസ്സൻ:
,, കെ. കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ—കർണ്ണാടക സംസ്ഥാനങ്ങളുടെ സംയുക്ത സംരംഭമായ കാംപ്കോ കേരളത്തിൽ എത്ര സംഭരണ കേന്ദ്രങ്ങൾ തുറന്നു;

(ബി) ഈ കേന്ദ്രങ്ങളിലൂടെ ഏതെല്ലാം ഉൽപന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നുണ്ട്?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം:)

(എ) 26 (ഇരുപത്തിയാറ്).

(ബി) അടയ്ക്കയും കൊക്കോയും.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

കുന്നമംഗലം നിയോജക മണ്ഡലത്തിലെ എം. എൽ. എ. റോഡുകൾ

1814 [2745] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമംഗലം നിയോജക മണ്ഡലത്തിലെ എം. എൽ. എ. റോഡുകൾ ഏതെല്ലാമാണ്;

(ബി) ഇതിന്റെ പണി എത്രത്തോളമായിട്ടുണ്ട്;

(സി) ഈ റോഡുകളുടെ എസ്റ്റിമേറ്റ്, തുക എത്രയാണ്;

(ഡി) ഈ റോഡുകളുടെ ദൈർഘ്യം എത്ര കിലോമീറ്റർ ഉണ്ട്?

ഉത്തരം

(എ)

1. മുഴിക്കൽ—ചെറുവറ്റക്കടവ്—മുല്ലശ്ശേരിത്താഴം റോഡ്.
2. കുറ്റിക്കാട്ടൂർ—കുന്നമംഗലം റോഡ്.

(ബി) മുഴിക്കൽ—ചെറുവറ്റക്കടവ്—മുല്ലശ്ശേരിത്താഴം റോഡ് പണിക്കുള്ള ടെണ്ടർ പരിശോധിച്ചുവരുന്നു.

(സി) മുഴിക്കൽ—ചെറുവറ്റക്കടവ്—മുല്ലശ്ശേരിത്താഴം റോഡിന്റെ എസ്റ്റിമേറ്റ് തുക 7.80 ലക്ഷം രൂപയും കുറ്റിക്കാട്ടൂർ—കുന്നമംഗലം റോഡിന്റേത് 21.45 ലക്ഷം രൂപയുമാണ്.

(ഡി) മുഴിക്കൽ-ചെറുവറ്റക്കടവ്—മുല്ലശ്ശേരിത്താഴം റോഡിന്റെ ദൈർഘ്യം 1.96 കിലോമീറ്ററും കുറ്റിക്കാട്ടൂർ—കുന്നമംഗലം റോഡിന്റേത് 4.69 കിലോമീറ്ററുമാണ്.

LIBRARY ARCHIVES Kerala Legislative Assembly